പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3571

15/07/2015 -ൽ
മറുപടിയ്ക്കു്

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള തസ്തികകൾ**

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
|---|---|
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വാച്ചർ, കഴകം, തളി തസ്തികകളിൽ നിലവി ലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വാച്ചർ തസ്തികയിൽ നിലവിൽ 94 ഒഴിവുകളും, കഴകം തസ്തികയിൽ ഫുൾടൈം 47, പാർട്ട് ടൈം 107, തളി തസ്തികയിൽ ഫുൾടൈം 46, പാർട്ട്ടൈം 143 ഒഴിവുകളും ഉണ്ട്. |
| ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് ദേവസ്വം ബോർഡിൽ നിന്നും സ്ഥിര നിയമനം അവസാന മായി നടത്തിയത് എന്നാണ്; | ബി) വാച്ചർ തസ്തികയിൽ 4/8/2012 -നും കഴകം തസ്തികയിൽ 28/09/2012 നും തളി തസ്തികയിൽ 29/09/2013 -നും ആണ് അവസാന നിയമനം നടത്തിയിട്ടുള്ളത്. |
| സി) പ്രസ്തുത തസ്തികകളിലെ നില വിലെ ഒഴിവുകളിൽ നിയമന ത്തിനായി നിർദ്ദേശം നൽകിയി ട്ടുണ്ടോ; നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | സി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനത്തിനായി 9/7/2012 -ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത് സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട ഡബ്ല്യൂ.പി (സി) 16605/2013 നമ്പർ കേസ്സിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 9/6/2015 -ലെ വിധിന്യായ പ്രകാരം നിയമനം നടത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ